tabloid trend info

SKSSF TREND KERALA STATE COMMITTEE, CALICUT, KERALA, INDIA-673002

PUBLISHED BY:
TEAM RESOURCE FOR EDUCATION AND NATIONAL DEVELOPMENT
10 JUN. 2020 | ISSUE 17

ഓപ്പൺ ബുക്ക് പരീക്ഷ: കേരളം എന്ത് കൊണ്ട് പരീക്ഷിക്കുന്നില്ല?

ഡോ. എം. അബ്ദുൽ ഖയ്യൂം

കേരളത്തിലെ പരീക്ഷകളെ കുറിച്ച് കേൾക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്ന ചില ചിത്രങ്ങളുണ്ട്. ഗൗരവത്തോടെ പരീക്ഷ ഹാളിൽ സിസിടിവി ക്യാമറകളേക്കാൾ ശക്തിയിൽ കണ്ണും നട്ടിരിക്കുന്ന ഇൻവിജിലേറ്റർ. ഒരു വർഷം പഠിച്ചത് രണ്ട് മൂന്ന് മണിക്കൂറ് കൊണ്ട് ഉത്തര പേപ്പറിൽ എഴുതാൻ വെപ്രാളപ്പെടുന്ന കുട്ടി, പോലീസ് കാവലിൽ വരുന്ന ചോദ്യപേപ്പർ...

കോപ്പിയടി, ചോദ്യപേപ്പർ ചോർച്ച തുടങ്ങിയ പതിവ് നാടകങ്ങൾ പിന്നാമ്പുറത്തും കാണാം. ലോകത്ത് എല്ലായിടത്തും പരീക്ഷകൾ ഇങ്ങിനെയാണോ. ഒരിക്കലുമല്ല. കേരളത്തിലെ പരീക്ഷകൾ കുട്ടിയുടെ ഓർമ്മശക്തി മാത്രമാണ് പരീക്ഷിക്കുന്നത്. അത്യാധുനിക കമ്പ്യൂട്ടർ ഉപകരണങ്ങൾ ഉള്ള ഒരു ലോകത്ത് തീരെ അത്യാവശ്യമല്ലാത്ത ഒരു കഴിവാണ് ഓർമ്മ ശക്തി. പകരം ആശയം രൂപീകരിക്കപ്പെട്ടോ, ആവശ്യമായ നൈപുണി വികസിച്ചോ എന്നറിയാൻ നിലവിലെ പരീക്ഷാ സമ്പ്രദായം അപര്യാപ്തമാണ്.

ഇത്തരം കാര്യങ്ങൾ കൂടി അളന്നെടുക്കാൻ സഹായിക്കുന്ന പരീക്ഷ രീതിയാണ് 'ഓപ്പൺ ബുക്ക് പരീക്ഷ'. പേര് കേൾക്കുമ്പോൾ മനസ്സിലേക്ക് വരുന്നത് പുസ്തകം തുറന്നു വച്ച് പരീക്ഷ എഴുതുന്ന സമ്പ്രദായമല്ലേ എന്നാണ്. ഇതല്ലേ കോപ്പിയടി എന്നും സംശയിക്കാം.

എന്നാൽ കാര്യം അങ്ങിനെയല്ല. പുസ്തകം തുറന്ന് വെച്ച് പരീക്ഷ എഴുതാം എന്നത് ശരി. പക്ഷെ ടെക്സ്റ്റ് പുസ്തകത്തിൽ പറഞ്ഞതിന്റെ അപ്ലിക്കേഷൻ ആയിരിക്കും ചോദ്യം. കാണാപാഠം പഠിച്ചത് കൊണ്ട് കാര്യമില്ല. ആശയ കൃത്യമായി അറിയണം. കണക്ക് പരീക്ഷക്ക് ലോഗരിതം ടേബിൾ ഉപയോഗിച്ചത് ഓർക്കുന്നില്ലേ. അതിന്റെ ഒരു വികസിത രൂപമാണ് ഓപ്പൺ ബുക്ക് പരീക്ഷ.

അൽപം അതിശയോക്തി തോന്നാം, എങ്കിലും പറയട്ടെ. മൂന്ന് വിഭാഗത്തിനാണ് നിലവിലെ പരീക്ഷ രീതി ഗുണം ചെയ്യുന്നത്. ഒന്ന്, അധ്യാപകർ! പുതിയത് പഠിക്കണ്ട, പഠിച്ചത് മറക്കുകയും വേണ്ട. രണ്ട്, ഗൈഡ് കമ്പനികൾ! ഓരോ യൂനിവേഴ്സിറ്റിയിലും ഗൈഡ് വിറ്റ് കോടികൾ സമ്പാദിക്കുന്ന കോപറേറ്റീവ് സൊസൈറ്റികൾ ഉണ്ട്. മൂന്ന്, ട്യൂഷൻ സെന്റർ / മത്സര പരീക്ഷ പരിശീലന സെന്റർ. മന:പാഠം പഠിക്കാനുള്ള കുറുക്കുവിദ്യയാണ് ഓരോ സെന്ററിന്റെയും വിജയം.

അത് കൊണ്ട് സ്വപ്നം പൂവണിയാൻ അൽപം വിയർക്കേണ്ടി വരും. ലോകത്തെ മിക്ക യൂനിവേഴ്സിറ്റികളും പിജി, യുജി തലത്തിലെങ്കിലും ഓപ്പൺ ബുക്ക് പരീക്ഷ നടത്തുന്നവരാണ്. അന്താരാഷ്ട്ര തൊഴിൽ വിപണികളോട് മത്സരിക്കണമെങ്കിൽ നമ്മുടെ കുട്ടികൾക്കും നൈപുണി അടിസ്ഥാനപ്പെടുത്തിയുള്ള പരീക്ഷ സമ്പ്രദായം നിലവിൽ വരണം. ട്രെന്റിന് ഈ മേഖലയിൽ നിരവധി കാര്യങ്ങൾ ചെയ്യാനുണ്ട്. കൈക്കോർത്ത് പിടിക്കാൻ തയ്യാറാവാം.

ജീവിത വിജയത്തിന്റെ സ്വഭാവം

സയ്യിദ് ഹംദുല്ല തങ്ങൾ അൽമശ്ഹൂർ. മൊഗ്രാൽ.
(TREND STATE EXECUTIVE MEMBER)

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. സമൂഹത്തിൽ മാന്യതയോടും, അന്തസ്സോടും, മനസ്സമാധാനത്തോടെയും ജീവിക്കുകയെന്നത് ഏതൊരു വ്യക്തിയുടെയും പരമപ്രധാനമായ ജീവിത ലക്ഷ്യമാണ്. ഈ ലക്ഷ്യം ഒരു വ്യക്തി അദ്ദേഹത്തിന്റെ ജീവിതത്തിൽ നേടിയെടുക്കുമ്പോഴാണ് ജീവിത വിജയം കൈവരിക്കുന്നത്.

ഓരോ വ്യക്തിയും തന്റെ അഭിരുചി മനസ്സിലാക്കി പരിപോഷിപ്പിച്ചെടുക്കുമ്പോൾ അദ്ദേഹത്തിന് സമൂഹത്തിനിടയിൽ വ്യത്യസ്ഥനാകാൻ സാധിക്കും. ഓരോ മനുഷ്യരിലും സംക്ഷിപ്തമായ കഴിവുകൾ വ്യത്യസ്ഥമാണ്. അത് മറ്റുള്ളവരുടെ പ്രവചനങ്ങൾക്കതീതമാണ്. പക്ഷെ ഓരോ വ്യക്തിയും തന്റെ കഴിവും, അഭിരുചിയും എത്രയും പെട്ടന്ന് തിരിച്ചറിയുന്നുവോ അതിന് വേണ്ടി പ്രയത്നിക്കുകയും ചെയ്താൽ അദ്ദേഹത്തിന് തന്റെ ജീവിത ലക്ഷ്യം നേടിയെടുക്കാൻ ചുരുങ്ങിയ സമയം മതി. അതേപോലെ ഒരു വ്യക്തി തന്റെ അഭിരുചിയും കഴിവും മനസ്സിലാക്കാൻ ഒരുപാട് കാലമെടുത്താൽ അദ്ദേഹത്തിന് ഒരുപാട് മികച്ച അവസരങ്ങൾ നഷ്ടപ്പെടാൻ സാധ്യത വളരെ കൂടുതലാണ്. അത്കൊണ്ട് ജീവിത വിജയത്തിന് 'സമയം' എന്നത് ഒഴിവാക്കാൻ പറ്റാത്ത ഒരു ഘടകമാണ്.

മികച്ച ലക്ഷ്യവും, വ്യക്തമായ കാഴ്ചപ്പാടും, ആത്മ സമർപ്പണവും കഠിനാധ്വാനവും, വിട്ട് വീഴ്ചയും, ക്ഷമയും, സഹനവും അംഗീകാരത്തിന്റെയും, വിജയത്തിന്റെയും ചേരുവകളാണ്.

പ്രായോഗിക തലത്തിൽ ചിന്തിക്കുമ്പോൾ ജീവിത വിജയത്തിന്റെ ചേരുവകൾ അതാത് സന്ദർഭങ്ങൾക്കനുസരിച്ച് വ്യത്യസ്ഥമായാണ് ചേർക്കേണ്ടത്. ഉദാ: ദാമ്പത്യ ജീവിത വിജയമെന്നത് ഒരു വ്യക്തിയെ സംബന്ധിച്ചടുത്തോളം തന്റെ വിശ്വാസത്തിന്റെയും, ജീവിത വിജയത്തിന്റെയും പൂർത്തീകരണമാണ്. അവിടെ വിട്ട് വീഴ്ചാ മനോഭാവം, ക്ഷമ, തുടങ്ങിയവക്ക് കൂടുതൽ പ്രാധാന്യം നൽകണം. പക്ഷെ ഒരു വ്യവസായ സ്ഥാപനത്തിൽ ഇതേ മനോഭാവം പുലർത്തുകയാണെങ്കിൽ നമുക്ക് അവിടെ പരാജയം സംഭവിക്കാൻ സാധ്യത കൂടുതലാണ്.

ആധുനിക യുഗത്തിൽ ഓരോ വ്യക്തിക്കും അവരവരുടെ അഭിരുചി മനസ്സിലാക്കാനും അതിനെ പരിപോഷിപ്പിക്കാനും വളരെ എളുപ്പമാണ്. ഒരു വ്യക്തി തന്റെ ആഗ്രഹത്തെക്കാൾ അഭിരുചിക്കാണ് പ്രാധാന്യം നൽകേണ്ടത്. കാരണം ആഗ്രഹങ്ങൾ പല സന്ദർഭങ്ങളിൽ മാറിയേക്കാം.

ജീവിത വിജയം കൈവരിച്ചവരൊക്കെ ജീവിതത്തിന്റെ സമസ്ത മേഖലകളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ളവരാണ്. നമുക്ക് മുമ്പെ കഴിഞ്ഞ് പോയവരും, ഇന്ന് ജീവിച്ചിരിക്കുന്നവരുമായ പല മഹത്തുക്കളും നമ്മുടെ മനസ്സിൽ ഇടം പിടിച്ചത് അവർ തന്റെ അഭിരുചി മനസ്സിലാക്കി അതിനെ പ്രാവർത്തികമാക്കാൻ നിരന്തരം കഠിനാധ്വാനം ചെയ്തുകയും, പല പ്രതിസന്ധികൾ തരണം ചെയ്തതിനാലുമാണ്. ജീവിത വിജയത്തിന് കുറുക്ക് വഴികളില്ല. കുറുക്ക് വഴിയിലൂടെ നേടിയെടുക്കുന്നതെല്ലാം താൽക്കാലികമാണ്. കഠിനാധ്വാനത്തിലൂടെ നേടിയെടുക്കുന്ന ജീവിത വിജയം എന്നെന്നും നിലനിൽക്കും.

ധാർമിക ബോധമുള്ളവർ സിവിൽ സർവ്വീസ് രംഗത്തേക്ക് വരണം – അബൂബക്കർ സിദ്ധീഖ് ഐ.എ.എസ്

എസ്.കെ.എസ്.എസ്.എഫ് മഹാസ് സിവിൽ സർവ്വീസ് മൂന്നാം ബാച്ചിന്റെ ലോഞ്ചിങ് നിർവ്വഹിച്ചു.

കോഴിക്കോട്: ധാർമികത ജീവിത ഭാഗമാക്കിയവരും മതബോധമുള്ളവരും സിവിൽ സർവീസ് രംഗത്തേക്ക് കടന്ന് വരുന്നത് സ്വാഗതാർഹമെന്ന് അബൂബക്കർ സിദ്ധീഖ് ഐ.എ.എസ് പറഞ്ഞു. എസ്.കെ.എസ്.എസ്.എഫ് വിദ്യഭ്യാസ വിംഗായ ട്രൻഡിന് കീഴിൽ അറബിക് കോളജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവ്വീസ് കോച്ചിംഗ് പദ്ധതിയായ മഹാസ് മൂന്നാം ബാച്ച് ലോഞ്ചിങ് നിർവ്വഹിച്ച ഓൺലൈൻ സംഗമത്തിൽ മുഖ്യാതിഥി ആയി സംസാരിക്കുകയായിരുന്നു അദ്ദേഹം. മഹാസ് ഹോണററി ഡയറക്ടർ ഷാഹിദ് തിരുവള്ളൂർ ഐ.ഐ.എസ് യോഗം ഉദ്ഘാടനം ചെയ്തു. സംസ്ഥാന ചെയർമാൻ റശീദ് കൊടിയൂറ അദ്ധ്യക്ഷനായി. സംസ്ഥാന എസ്.കെ.എസ്. എസ്.എഫ് ജനറൽ സെക്രട്ടറി സത്താർ പന്തല്ലൂർ പ്രഭാഷണം നടത്തി. സിവിൽ സർവീസ് കോച്ചിങ് ഫാക്കൽറ്റി നിംഷിദ് ഓറിയന്റേഷൻ ക്ലാസ്സ് നടത്തി. മഹാസ് കോർഡിനേറ്റർ സിദ്ധീഖ്ബിൽ അക്ബർ വാഫി സ്വാഗതഗവും മഹാസ് പൂർവ്വ വിദ്യാർത്ഥി നിഷാദ് നന്ദിയും പറഞ്ഞു.

എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ ഓഗസ്റ്റ് വരെ അവസരം സേവനങ്ങൾ ഓൺലൈൻ വഴി മാത്രം

2020 ജനുവരി മുതൽ മേയ് വരെയുള്ള മാസങ്ങളിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കേണ്ടവർക്ക് ഓഗസ്റ്റ് വരെ അവസരം നൽകിയിട്ടുണ്ട്.

സേവനങ്ങൾ ഓൺലൈൻ വഴി മാത്രം.

വിവിധ ആവശ്യങ്ങൾക്കായി ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെത്തുന്നത് പരിമിതപ്പെടുത്തുന്നു. ഇതിനായി ക്രമീകരണങ്ങൾ ഏർപ്പെടുത്തി. കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായാണ് നടപടി.

രജിസ്ട്രേഷൻ, രജിസ്ട്രേഷൻ പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ തുടങ്ങിയ എല്ലാ സേവനങ്ങളും ഓൺലൈനായാണ് നടത്തേണ്ടത്. സർട്ടിഫിക്കറ്റ് ഓൺലൈനായി ചേർത്തതിനു ശേഷം 90 ദിവസത്തിനകം ഹാജരാക്കി വെരിഫൈ ചെയ്താൽ മതി. വെബ്സൈറ്റ് www.eemployment.kerala.gov.in

3Dയിലൂടെ മന:സമാധാനം

എസ് വി

ദിവസവും രണ്ടുനേരം കുളിച്ചു നാം ശരീരം വൃത്തിയാക്കുന്നു. കൊറോണക്കാലത്ത് കൈകൾ വീണ്ടും വീണ്ടും കഴുകിക്കൊണ്ടിരിക്കുന്നു. പക്ഷേ മനസ്സിന്റെ കാര്യമോ? അതിനെ വൃത്തിയാക്കാൻ എന്ത് നടപടിയാണ് നമുക്കുള്ളത്? നമ്മുടെ പ്രാർത്ഥനകൾ പോലും ചടങ്ങുകൾ പോലെയാകുമ്പോൾ പ്രത്യേകിച്ചും?

മനസ്സും ചിന്തകളും തമ്മിൽ നല്ല പൊരുത്തത്തിലാണ് ഒന്ന് മറ്റൊന്നിനെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. നല്ല ചിന്തകൾ നല്ല മനസ്സിന്റെ ഊർജ സ്രോതസ്സുകളാണ്. സമാധാനമുള്ള മനസ്സ് സബ്ലൈമായ ചിന്തകൾക്ക് ജന്മം നൽകുന്നത് പോലെ.

ഒരൊ നിമിഷവും ചിന്തകളെ സ്ഫുടം ചെയ്തെടുക്കാൻ പരിശീലിക്കുക. മനസ്സ് വൃത്തിയായിക്കൊള്ളും. ശാന്തതയുടെ ജീവിതം വരദാനം പോലെ ലഭിക്കും. അതിനു 3 Dകൾ നമുക്ക് ശീലമാക്കാം: Dilute, Dispute, Deviate എന്നിവ.

Dilute: കലങ്ങിമറിഞ്ഞ മനസ്സിനെ നേർപ്പിച്ച് കൊണ്ടിരിക്കുക. പ്രാർത്ഥനകളും പ്രവർത്തനങ്ങളുമെല്ലാം അതിനു സഹായിക്കും. നല്ല ബന്ധങ്ങൾ അതിനു വഴിയൊരുക്കും അരോടെങ്കിലും സംസാരിച്ചാൽ എളുപ്പം തീരുന്നതായിരിക്കും നമ്മുടെ പല പ്രശ്നങ്ങളും.

Dispute: തർക്കിക്കുക സ്വന്തത്തോട് തന്നെ. ബുദ്ധി ഒരൊന്ന് തോന്നിപ്പിക്കുമ്പോൾ മറു ചോദ്യങ്ങൾ ചോദിക്കുക. സ്വന്തത്തെ തർക്കിച്ചു നിർത്തുക. ഉൾക്കാഴ്ചയെ വികസിപ്പിച്ചു കൊണ്ടിരിക്കുക.

Deviate: ശ്രദ്ധതിരിക്കുക. വേദനിക്കുന്ന മനസ്സിനു വേദന കൊണ്ട് തന്നെ പരിഹാരം കാണാതിരിക്കുക. സങ്കടത്തിന്റെ സാഹചര്യം മാറ്റുക. ഇപ്പൊൾ പ്രതികരിക്കണമെന്ന് തോന്നുന്നത് അൽപനേരത്തേക്ക് മാറ്റിവെക്കുക. ശരീരവും മനസ്സും മുറിവേൽക്കാതെ രക്ഷപെടും.

ഇബ്നു ഹൈഥം

ടൈംമെഷീനിൽ കയറിവന്ന ജ്യോതിർവിദ്വാൻ

സ്വാലിഹ് ഇടുക്കി

വായനക്കാർക്ക് തോന്നുന്നുണ്ടോ, എന്തിനാണ് ഇപ്പൊൾ ഒരു ടൈംമെഷീനെന്ന്, പറയാം. ആധുനിക ഒപ്റ്റിക്സിന്റെ പിതാവായി അറിയപ്പെടുന്ന ഇബ്നു ഹൈഥം ഗണിത ശസ്ത്രത്തിലും വൈദ്യശാസ്ത്ര രംഗത്തും വിലപ്പെട്ട സംഭാവനകൾ നൽകി. 965ൽ ബസറയിൽ ജനിച്ച ഇബ്നു ഹൈഥം ഈജിപ്റ്റ് ആണ് തന്റെ കർമ്മ വേദിയായി തിരഞ്ഞെടുത്തത്. നൈൽ നദിയിലെ വെള്ളപൊക്കവുമായി ബന്ധപ്പെട്ട് ജയിലിൽ കഴിയേണ്ടി വന്ന അദ്ദേഹം, ജയിൽ വാസത്തിനിടക്കാണ് പ്രകശവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുന്നത്. ടോളമി രണ്ടാമൻ എന്ന് പശ്ചാത്യലോകത്തറിയപ്പെട്ട അദ്ദേഹത്തിന്റെ വിഷ്വൽ പെർസെപ്ഷനെ കുറിച്ചുള്ള പഠനങ്ങളും കാഴ്ചപ്പാടുകളും ആ കാലഘട്ടത്തിലെയും പിന്നീട് വന്ന കാലഘട്ടത്തിലെയും ശാസ്ത്രജ്ഞരെ ഞെട്ടിക്കുക തന്നെ ചെയ്തു. അദ്ദേഹത്തിന്റെ പരീക്ഷണ രീതികൾ പിന്നീട് വന്ന ശാസ്ത്ര ജ്ഞന്മാർ ഏറ്റെടുത്തു.

ഇപ്പൊൾ ഫോട്ടോഗ്രഫിക്ക് ഉപയോഗിക്കുന്ന ക്യാമറയുടെ ആദ്യ രൂപം അഥവാ ക്യാമറ ഒബ്സ്ക്യൂറ ഇബ്നു ഹൈഥതിന്റെ സംഭാവനയായി കരുതപ്പെടുന്നു ഇബ്നു ഹൈഥം തന്റെ പരീക്ഷണശാലയിൽ ഗ്രഹണങ്ങളെ കുറിച്ച് പഠിക്കാൻ നിർമിച്ച ഉപകരണമാണ് പിന്നീട് ക്യാമറ ഒബ്സ്ക്യൂറയായി മാറിയത്.

നൂറോളം പുസ്തകങ്ങൾ രചിച്ചട്ടുണ്ടെന്ന് കരുതപ്പെടുന്നുണ്ടെങ്കിലും അൻപത്തിയഞ്ച് പുസ്തകം മാത്രമേ കണ്ടെടുത്തിട്ടുള്ളു.

പ്രകാശവർഷവും ഇബ്നു ഹൈഥമും

ഇബ്നു ഹൈഥം എഴുതിയ 'കിതാബിൽ മനാളിർ' അഥവ ബുക്ക് ഓഫ് ഒപ്റ്റിക്സ്, അതിന്റെ 1000 വർഷം തികഞ്ഞ 2015 നെ ഐക്യരാഷ്ട്രസഭക്ക് കീഴിലെ യുനെസ്കോ അന്താരാഷ്ട്ര പ്രകാശ വർഷമായി ആചരിച്ചിരുന്നു.

കിതാബുൽ മനാസിർ– പ്രകാശത്തിന്റെ പുസ്തകം

ഭൗതീകശാസ്ത്രത്തെ ഏറ്റവും അധികം സ്വാധീനിച്ച ന്യൂട്ടന്റെ പ്രിൻസിപ്പിയോടൊപ്പം ചേർത്തുവെക്കുന്ന പുസ്തകമാണ് കിതാബുൽ മനാസിർ. ആധുനിക ശാസ്ത്ര പരീക്ഷണ രീതി വികസിപ്പിച്ചെടുക്കുന്നതിൽ ഈ ഗ്രന്ഥം വിപ്ലവാത്മകമായ പങ്ക് വഹിച്ചു. പ്രകാശ ശാസ്ത്രത്തിലും കാഴ്ചയുടെ പഠനത്തിലും ഈ ഗ്രന്ഥം നൽകിയ സംഭാവന എടുത്തു പറയേണ്ടത് തന്നെയാണ്.

മറ്റു ചില കൃതികൾ: *മക്കാലത്ത് ഫി തഹ്ലീലി വതർകീബി (വിശകലനവും സമന്വയവും) *മീസാനുൽ ഹിക്മ (ജ്ഞാനത്തിന്റെ സന്തുലിതാവസ്ഥ) *രുആയത്തുൽ കവാകിസ് (നക്ഷത്രങ്ങൾ കാണുമ്പോൾ)

ഡി.ആർ.ഡി.ഒ വിളിക്കുന്നു സയന്റിസ്റ്റ് ബി തസ്തികയിലേക്ക്

പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ഡിഫൻസ് റിസർച്ച് ഡെവലപ്മെന്റ് ഓർഗനൈസേഷനിലേക്ക് സയന്റിസ്റ്റ് ബി തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. നിശ്ചിത ഗേറ്റ് സ്കോർ ഉള്ളവരെ അഭിമുഖം നടത്തിയായിരിക്കും തിരഞ്ഞെടുക്കുക. വിവിധ എൻജിനീയറിങ് വിഭാഗത്തിനു പുറമേ ഫിസിക്സ് കെമിസ്ട്രി മാറ്റ്സ് സൈക്കോളജി ബിരുദാനന്തര ബിരുദം ഉള്ളവർക്കും അപേക്ഷിക്കാം.